# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1142** 06.02.2020 ൽ മറുപടിക്ക്

## വിഴിഞ്ഞം-പാരിപ്പള്ളി റോഡ്

| ചോദ്യം<br>ശ്രീ.ബി.സത്യൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിഴിഞ്ഞം തുറമുഖത്തിലേയ്ക്കുള്ള ഗതാഗത സൗകര്യത്തിനായി കഴിഞ്ഞ ബജറ്റിൽ നിർദ്ദേശിച്ച വിഴിഞ്ഞം-പാരിപ്പള്ളി റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; ഏതെല്ലാം വില്ലേജുകളിലൂടെയാണ് റോഡ് കടന്നു പോകുന്നത്; പദ്ധതിയുടെ നിർവ്വഹണ ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) റോഡ് നിർമ്മാണത്തിന്റെ 100% വും സ്ഥലമേറ്റെടുക്കലിന്റെ 50% വും ചെലവുകൾ എൻ.എച്ച്.എ.ഐ വഹിക്കുമെന്ന വ്യവസ്ഥയിൽ മംഗലപുരത്തേയ്ക്ക് ഒരു ലിങ്കോടുകൂടി 70മീറ്റർ വീതിയിലും വിഴിഞ്ഞത്ത് നിന്നും പാരിപ്പള്ളിവരെ 80 കി.മീറ്റർ നീളത്തിലുമുള്ള ഔട്ടർ റിംഗ് റോഡ് . എൻ.എച്ച്.എ.ഐ വഴി നടപ്പിലാക്കുന്നതിന് സഉ(സാധാ)181/2019/പൊമവ തീയതി 04.02.2019 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്റ്റ് തയ്യാറാക്കിയ വിശദമായ പദ്ധതിരേഖ( DPR) അംഗീകരിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അംഗീകാരത്തിന് സമർപ്പിക്കുകയും അത് എൻ.എച്ച്.എ.ഐ സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. വിശദമായ പദ്ധതിരേഖ( DPR) എൻ.എച്ച്.എ.ഐ അംഗീകരിച്ചാൽ മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകൂ |
| (ബി) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ആശങ്ക സൃഷ്ടിക്കാൻ ചില കേന്ദ്രങ്ങൾ ബോധപൂർവ്വം പരിശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുമെന്ന് ഭയന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ പൊതുജനങ്ങൾ മടിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ